"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ടൂറിസ്റ്റ് മേഖലകൾ, PWD / NH റോഡിനു ചേർന്ന ഒഴിഞ്ഞ ഇടങ്ങൾ, റവന്യൂ പുറമ്പോക്ക് ഭൂമികൾ എന്നിവിടങ്ങളിൽ മിനി എം.സി.എഫ്, പബ്ലിക് ടോയിലറ്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷന് എൻ.ഒ.സി അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.84/2025/RD തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:- 1. സ.ഉ(കൈ) നം.210/2024/റവ, തീയതി 26.10.2024.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.12.2024-ലെ LR/11238/2024-LR(J5) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പബ്ലിക് ടോയിലറ്റ്, മിനി എം.സി.എഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ടൂറിസ്റ്റ് മേഖലകൾ, PWD / NH റോഡിനു ചേർന്ന ഒഴിഞ്ഞ ഇടങ്ങൾ, റവന്യൂ പുറമ്പോക്ക് ഭൂമികൾ എന്നിവിടങ്ങളിൽ നിന്നും ഭൂമി അനുവദിക്കണമെന്ന ശുചിത്വ മിഷൻ ഡയറക്ടറുടെ ആവശ്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഭിപ്രായം ആരാഞ്ഞിരുന്നു.

2. സ്ഥലം കൈമാറുന്ന നടപടികൾക്ക് കാലതാമസമുണ്ടാകുന്ന നിലവിലെ സാഹചര്യത്തിൽ സാകര്യാനുസരണം മാറ്റി സ്ഥാപിയ്ക്കാവുന്ന bio-digest tank പോലുള്ള precast containment സംവിധാനം ഒരുക്കിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നത് പ്രസ്തുത പദ്ധതിക്കായി ഭൂമിയുടെ കൈമാറ്റത്തിനുണ്ടാകുന്ന കാലതാമസം നിമിത്തം പദ്ധതിയുടെ നടപ്പിലാക്കൽ വൈകുന്നത് ഒഴിവാക്കാമെന്നതിനാലും, കൂടാതെ ഭാവിയിൽ ഭൂമി പൊതു ആവശ്യങ്ങൾക്ക് വേണ്ടിവന്നാൽ പോർട്ടബിൾ ആയ വസ്തുക്കൾ പ്രയാസം കൂടാതെ നീക്കം ചെയ്യാമെന്നതിനാലും ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനോട് യോജിക്കുന്നതായി ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും MCF നിർമ്മിക്കുന്നതിനാവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി സർക്കാരിന്റെ സാധൂകരണത്തിന് വിധേയമായി അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ ടൂറിസ്റ്റ് മേഖലകൾ, PWD / NH റോഡിനു ചേർന്ന ഒഴിഞ്ഞ ഇടങ്ങൾ, റവന്യൂ പുറമ്പോക്ക് ഭൂമികൾ എന്നിവിടങ്ങളിൽ മിനി എം.സി.എഫ്,

പബ്ലിക് ടോയിലറ്റ് സ്ഥാപിക്കുന്നതിന് "സൗകര്യാനുസരണം മാറ്റി സ്ഥാപിയ്ക്കാവുന്ന bio-digest tank പോലുള്ള precast containment സംവിധാനം ഒരുക്കിക്കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും, ഭാവിയിൽ ഭൂമി പൊതു ആവശ്യങ്ങൾക്ക് വേണ്ടിവന്നാൽ പ്രസ്തുത സംവിധാനം മാറ്റി നൽകേണ്ടതുമാണെന്ന വ്യവസ്ഥയിൽ" ശുചിത്വ മിഷന് എൻ.ഒ.സി അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പ് (ഡബ്ല്യു.എം1/289/2023-LSGD).

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (L1/207/2024-REV).

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
Date: 21-03-2025 11:26:31
സെക്ഷൻ ഓഫീസർ

പകർപ്പ് - റവന്യൂ മന്ത്രിയുടെ പി.എസിന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

അഡിഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

റവന്യൂ (എ /എം / യു) വകുപ്പ്.